# KERALA GOVT.MEDICAL OFFICERS' ASSOCIATION

Reg.No.63/1966,KGMOA Head Quarters,Red Cross Road, Thiruvananthapuram- 6950 35
Tel: 0471-2570444, Email: kgmoakerala@gmail.com

2020

STATE PRESIDENT
DR. JOSEPH CHACKO
KGMOA Head Quarters
Red Cross Road, Thiruvananthapuram- 6950 35
Ph: 0471-2570444
Mob: 9447465154, 9074126769
E-mail : drjoseph.chacko.62@gmail.com

HON. GENERAL SECRETARY
DR. G.S. VIJAYAKRISHNAN
KGMOA Head Quarters
Red Cross Road, Thiruvananthapuram- 695035
Ph: 0471-2570444
Mob: 9447800230, 7012580479
E-mail : generalsecretarykgmoa@gmail.com
gsvkrishnan@gmail.com

No. 32/2020/KGMOA

Date 06.04.2020

സ്വീകർത്താവ്

ശ്രീ പിണറായി വിജയൻ
ബഹു. കേരള മുഖ്യമന്ത്രി

സർ,

വിഷയം: കൊറോണ പ്രതിരോധം ശക്തമാക്കുന്നത് സംബന്ധിച്ച് :-

കോവിഡ് 19 രോഗം ലോകവ്യാപകമായി പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ കേരള സർക്കാർ അവലംബിച്ചിട്ടുള്ള നിർണയ, നിരീക്ഷണ, ചികിത്സാ രീതികളിലൂടെ രോഗവ്യാപനം ഫലപ്രദമായി തടഞ്ഞുനിർത്തുന്നതിന് സാധിക്കുന്നു എന്നത് ഏറെ അഭിമാനകരമാണ്. കേരളത്തിന്റെ ഈ പ്രവർത്തന രീതി ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. ഇന്നത്തെ ഊർജത്തോടും ശാസ്ത്രീയാവബോധത്തോടും മുന്നോട്ടു പോയാൽ നമുക്ക് ഈ മഹാമാരിയെ കീഴടക്കുവാൻ സാധിക്കും എന്നതിൽ സംശയമില്ല. സർക്കാർ മേഖലയിൽ ഈ രോഗത്തിനെതിരെ രാപ്പകൽ പൊരുതിക്കൊണ്ടിരിക്കുന്ന ഡോക്ടർമാരുടെ സംഘടന എന്ന നിലയിൽ ഇന്നത്തെ സാഹചര്യത്തിൽ ഗുണകരമാകുന്ന ചില നിർദ്ദേശങ്ങൾ അങ്ങയുടെ പരിഗണനക്കായി സമർപ്പിക്കുന്നു.

**1. പ്രാഥമിക തലത്തിലെ ആശുപത്രികളുടെ ശാക്തീകരണം.**

കോവിഡ് രോഗം സംശയിക്കുന്നവർക്കുള്ള സ്രവ പരിശോധനയും രോഗ ചികിത്സയും നടക്കുന്നത് താലൂക്ക്, ജില്ലാ തല ആശുപത്രികളിലാണെങ്കിലും സാമൂഹികവ്യാപനത്തിനു തടയിടാനുതകുംവിധം രോഗം സംശയിക്കുന്നവരെ സംബന്ധിച്ചുള്ള വിവര ശേഖരണവും വിശകലനവും ഗൃഹ നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നത് പ്രാഥമിക തലത്തിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലുമാണ്. ഈ സ്ഥാപനങ്ങളെ ശക്തീകരിക്കേണ്ടത് രോഗ വ്യാപനം തടയുന്നതിന് അത്യന്താപേക്ഷിതമാണ്. ഈ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്ക് കൊറോണ പ്രതിരോധവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ അധികമായി ചെയ്യേണ്ടിവന്നിട്ടുണ്ട്.

1) സമ്പർക്കമുള്ളവരെ കണ്ടെത്തി നിരീക്ഷണത്തിലാക്കുക.
2) അവരിൽ രോഗമുള്ളവർ ഉണ്ടെങ്കിൽ പരിശോധനാകേന്ദ്രത്തിലേക്ക് അയക്കുക
3) നിരീക്ഷണത്തിൽ ഇരിക്കുന്നവർക്ക് രോഗലക്ഷണങ്ങൾ വന്നാൽ അത് കണ്ടെത്തി അവരെ പരിശോധനയ്ക്ക് അയക്കുക.
4) പരിശോധനക്ക് അയക്കേണ്ടവർക്ക് വാഹനം ഏർപ്പെടുത്തുക.
5) സ്ഥാപനത്തിലെ ജീവനക്കാരുമായി സ്റ്റാഫ് മീറ്റിംഗ് എല്ലാ ദിവസവും.
6) കൊറോണബാധയെക്കുറിച്ചും പ്രതിരോധത്തെക്കുറിച്ചും ജീവനക്കാരെ ബോധവൽക്കരിക്കുക.
7) ഫീൽഡ് പ്രവർത്തനങ്ങളുടെ മേൽനോട്ടം.
8) അതിഥി തൊഴിലാളികളുടെ ആവാസ കേന്ദ്രങ്ങളുടെ സന്ദർശനം.
9) പഞ്ചായത്ത് തല ആർ ആർ ടി മീറ്റിംഗുകൾ.
10) ഗർഭിണികൾക്കും ശിശുക്കൾക്കും പ്രത്യേക പരിപാലനം
11) കൊറോണ പരിപാലന കേന്ദ്രങ്ങളുടെ മേൽനോട്ടം
12) മൂന്നു ദിവസം ഇടവിട്ട് ബ്ലോക്ക് തല മീറ്റിംഗ്
13) ദിവസേന ജില്ലാതല സൂം മീറ്റിംഗ്.
14) എം എൽ എ മീറ്റിംഗ്
15) നിരീക്ഷണത്തിലുള്ള വ്യക്തികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക
16) പ്രതിദിന റിപ്പോർട്ടുകളുടെ പരിശോധന
17) മരുന്നുകളും സുരക്ഷാ ഉപകരണങ്ങളും മറ്റു ആവശ്യസംവിധാനങ്ങളും സജ്ജീകരിക്കൽ
18) പൊതു സ്ഥലങ്ങളിലെ തിരക്ക് നിയന്ത്രിക്കാനായി പോലീസ് അടക്കം ഇതര വകുപ്പുകളുമായുള്ള ഏകോപനം
19) സമൂഹത്തിൽ ആളുകൾ ഒരുമിച്ചു കൂടുവാൻ സാധ്യതയുള്ള നടക്കുന്ന മരണാനന്തര ചടങ്ങ് പോലുള്ള സന്ദർഭങ്ങളുടെ നിരീക്ഷണം
20) പ്രായമായവരുടെ നിരീക്ഷണം
21) എൻ സി ഡി, പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ മേൽനോട്ടം
22) ഐ ഡി എസ് പി
23) വിവിധ ഫണ്ടുകളുടെ വിനിയോഗം
24) പരിശീലന പരിപാടികളിൽ പങ്കെടുക്കൽ
25) മാർഗരേഖകളിൽ വരുത്തുന്ന പരിഷ്കാരങ്ങൾ മനസിലാക്കി നടപ്പിലാക്കൽ.

ഇന്നത്തെ സാഹചര്യത്തിൽ പ്രാഥമിക തലത്തിലുള്ള ഒരു ആശുപത്രിയിലെ ചാർജ് മെഡിക്കൽ ഓഫീസർ മുഴുവൻ സമയവും പൂർണമായും വിനിയോഗിച്ചാൽ പോലും ഈ ജോലികൾ സമയത്തിനു ചെയ്തുതീർക്കാൻ പറ്റാത്ത അവസ്ഥയാണ്. അതിനു പുറമെയാണ് പതിവ് രോഗീപരിചരണം. ആയതുകൊണ്ട് പ്രാഥമിക തലത്തിലുള്ള സ്ഥാപനങ്ങൾ എല്ലാം കൂടുതൽ ഡോക്ടർമാരെ നിയമിച്ച് ശക്തീകരിക്കേണ്ടതുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും ചാർജ്ജ് മെഡിക്കൽ ഓഫീസർമാരെ പതിവ് ഓപിയിൽ നിന്നും പൂർണമായും ഒഴിവാക്കുകയാണെങ്കിൽ ആ ഡോക്ടർക്ക് കൊറോണ പ്രതിരോധം കാര്യക്ഷമമായി നടപ്പാക്കാനാവും. അതിനു മതിയാകുന്ന തരത്തിൽ കൂടുതൽ ഡോക്ടർമാരെ നിയമിച്ചാൽ മാത്രമേ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കൂ.

**2. വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം**

ശാസ്ത്രീയമായി സ്ഥിതീകരിക്കപ്പെട്ടിട്ടില്ല എങ്കിലും കോറോണാ വൈറസിന്റെ സാമൂഹികവ്യാപന സാദ്ധ്യത പൂർണമായും തള്ളിക്കളയാനാവാത്ത സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് രോഗവ്യാപനം തടയാനുള്ള ഉപാധികൾ സാർവത്രികമായി നടപ്പിലാക്കുന്നത് ഉചിതമാണ്. പൊതുജനം വ്യാപകമായി മാസ്കുകൾ ഉപയോഗിക്കണം എന്ന് അങ്ങ് നൽകിയ നിർദ്ദേശം ഇന്ന് ഏറെ പ്രസക്തമാണ്. ഇതിനായി ഗൃഹ നിർമിത തുണി മാസ്കുകൾ കൂടുതലായി ഉപയോഗിക്കാവുന്നതാണ്. അതോടൊപ്പം, രോഗീപരിചരണം ചെയ്യുന്ന എല്ലാ ജീവനക്കാരും കേരള സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ നിർബന്ധമായും ഉപയോഗിക്കേണ്ടതുണ്ട്. എന്നാൽ ദൗർഭാഗ്യവശാൽ പല സ്ഥാപനങ്ങളിലും ഇത്തരം ഉപകരണങ്ങളുടെ ഗണ്യമായ കുറവ് അനുഭവപ്പെടുന്നുണ്ട്. തന്മൂലം അടിയന്തര ഘട്ടങ്ങളിൽ മതിയായ സുരക്ഷാ ഉപകരണങ്ങൾ ഇല്ലാതെ രോഗികളെ പരിചരിക്കുവാൻ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാർ നിർബന്ധിതരായി തീരുവാനുള്ള സാദ്ധ്യത വിദൂരമല്ല. അങ്ങനെ സംഭവിച്ചാൽ അത് ആ ജീവനക്കാരുടെ ആരോഗ്യത്തെ മാത്രമല്ല അവരുടെ സഹപ്രവർത്തകരുടെയും അവർ തുടർന്ന് പരിശോധിക്കുന്ന മറ്റു രോഗികളുടെയും ആരോഗ്യത്തെ ദോഷകരമായി ബാധിക്കുകയും ആശുപത്രി പ്രവർത്തനം സ്തംഭിക്കുകയും ഒരു പ്രദേശത്തെ മുഴുവൻ രോഗത്തിന്റെ പിടിയിലാക്കുകയും ചെയ്യാൻ സാധ്യതയുണ്ട്. ഇപ്രകാരം വലിയതോതിലുള്ള രോഗവ്യാപനത്തിന്റെ സാദ്ധ്യതയുള്ളതിനാൽ വ്യക്തി സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാകാതെ വന്നാൽ രോഗീപരിചരണം തുടരാനാവാതെ വരും. കേരളത്തിൽ മാത്രമല്ല അന്താരാഷ്ട്ര തലത്തിലും വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾക്ക് ലഭ്യത കുറയുന്ന സാഹചര്യത്തിൽ ഇവ

കഴിയുന്നത്ര ലഭ്യമാക്കാൻ വേണ്ട നടപടികൾ സർക്കാർ കൈക്കൊള്ളേണ്ടതാണ്. ഏതെങ്കിലും മേഖലയിൽ ഇവ പൂഴ്ത്തിവയ്ക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കണം. ഉല്പാദിപ്പിക്കപ്പെടുന്ന ഉപകരണങ്ങൾ രോഗീപരിചരണം നടത്തുന്ന സർക്കാർ, സ്വകാര്യ ഡോക്ടർമാർക്കും മറ്റു ആരോഗ്യ ജീവനക്കാർക്കും ലഭ്യമാക്കുന്നതിനു മുൻഗണന നല്കണം. പൊതുജനം തുണി കൊണ്ടുള്ള മാസ്കുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ദൌർലഭ്യം നേരിടുന്ന മെഡിക്കൽ സുരക്ഷാ ഉപകരണങ്ങൾ ദുർവ്യയം ചെയ്യപ്പെടാതിരിക്കുവാനുള്ള നടപടി സ്വീകരിക്കുകയും വേണം.

## 3. ഓപികളുടെ പ്രവർത്തനത്തിൽ നിയന്ത്രണം

ലോക്ക്ഡൗൺ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പൊതുജനം അനാവശ്യ യാത്രകൾ ഒഴിവാക്കേണ്ടതാണ്. ആശുപത്രികൾ രോഗവ്യാപനത്തിന് സാദ്ധ്യത കൂടുതൽ ഉള്ള സ്ഥലങ്ങളാണ്. കൂടാതെ ആശുപത്രികൾ സന്ദർശിക്കുന്നവരിൽ ഏറിയ പങ്കും പലവിധ രോഗബാധകളാൽ പ്രതിരോധ ശക്തി കുറവുള്ളവരും പ്രായം ചെന്നവരും കുട്ടികളുമാണ്. കൊറോണ പിടിപെട്ടാൽ ഗുരുതരാവസ്ഥയിലേക്ക് പോകുവാൻ സാധ്യതയുള്ളവരാണ് ഇവർ. അതിനാൽ സമ്പർക്കം കുറയ്ക്കുവാൻ അടിയന്തര ഘട്ടങ്ങളിൽ അല്ലാതെ ആശുപത്രികൾ സന്ദർശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. കേന്ദ്ര സർക്കാർ ടെലിമെഡിസിൻ അംഗീകരിച്ച സാഹചര്യത്തിൽ സാധാരണക്കാർക്ക് പ്രയോജനപ്രദമാകും വിധം ഈ സംവിധാനം നടപ്പിലാക്കിയാൽ ആശുപത്രി സന്ദർശനം കുറയ്ക്കാനാകും. അടിയന്തര സ്വഭാവമില്ലാത്ത ചികിത്സകളും ശസ്ത്രക്രീയകളും സ്പെഷ്യാലിറ്റി ഒപികളും ഒഴിവാക്കുന്നതും തിരക്ക് കുറഞ്ഞ ആശുപത്രികളിൽ ഓപി സമയം കുറയ്ക്കുന്നതും സമ്പർക്കം കുറയ്ക്കുന്നതിന് സഹായകരമാകും. പ്രാഥമിക തലത്തിലെ പി എച്ച് സി, എഫ് എച്ച് സി, സി എച്ച് സി തുടങ്ങിയ ആശുപത്രികളിലെ ഓപി സമയം ഒൻപതു മുതൽ രണ്ടു വരെയാക്കി നിജപ്പെടുത്തുന്നത് സമ്പർക്കം കുറയ്ക്കുന്നതോടൊപ്പം പ്രതിരോധ പ്രവർത്തനങ്ങൾക്കായി കൂടുതൽ സമയം ലഭ്യമാക്കുകയും ദുർലഭമായ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളുടെ ഉപഭോഗം കുറയ്ക്കുകയും ചെയ്യും.

## 4. പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുക

സാമൂഹിക വ്യാപനം തടയുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗം രോഗമുള്ള എല്ലാവരെയും തുടക്കത്തിൽ തന്നെ കണ്ടെത്തി ചികിത്സിക്കുകയും അവരുടെ സമ്പർക്കത്തിൽ വന്നിട്ടുള്ളവരെ കണ്ടെത്തി നിരീക്ഷണത്തിലാക്കുകയുമാണ്. ഇതിനു കൂടുതൽ ആൾക്കാരെ പരിശോധനയ്ക്ക് വിധേയരാക്കേണ്ടതുണ്ട്. ലോകാരോഗ്യ സംഘടനയും പരിശോധന വർധിപ്പിക്കാനാണ് ആഹ്വാനം ചെയ്യുന്നത്. ലഘുവായ ലക്ഷണങ്ങൾ മാത്രമുള്ള ക്യാറ്റഗറി എ

വിഭാഗത്തിൽപ്പെടുന്ന ഹൈ റിസ്ക് സമ്പർക്കമുള്ള രോഗികളുടെ സ്രവ പരിശോധന കൂടി നടത്താൻ സർക്കാർ നൽകിയ നിർദ്ദേശം ഈയവസരത്തിൽ ശ്ലാഘനീയമാണ്. എന്നാൽ നമ്മുടെ നാട്ടിൽ സമ്പർക്കം ഇല്ലാത്തവരിലും കാര്യമായ രോഗ ലക്ഷണങ്ങൾ ഇല്ലാത്തവരിലും കഴിഞ്ഞ ദിവസങ്ങളിൽ രോഗബാധ കണ്ടെത്തുകയുണ്ടായി. ആ സ്ഥിതിയ്ക്ക് ക്യാറ്റഗറി എ യിൽപ്പെടുന്ന ലോ റിസ്ക് സമ്പർക്കമുള്ള രോഗികളുടെയും രോഗികളോ രോഗ ലക്ഷണമില്ലാത്തവരോ എന്ന വ്യത്യാസമില്ലാതെ ഹൈ റിസ്ക് സമ്പർക്കമുള്ള എല്ലാവരുടെയും സ്രവ പരിശോധന നടത്താൻ നിർദ്ദേശിക്കുന്നത് നന്നായിരിക്കും.

### 5. നിയന്ത്രണങ്ങൾ തുടരേണ്ടതിന്റെ ആവശ്യകത

ഏപ്രിൽ പതിനാലോടുകൂടി ലോക്ക്ഡൗൺ കാലാവധി അവസാനിക്കുകയാണ്. സാമൂഹിക നിയന്ത്രണങ്ങൾ പിൻവലിക്കുന്ന മുറയ്ക്ക് പെട്ടെന്ന് വ്യാപനം വർദ്ധിക്കാൻ സാധ്യതയുള്ളതായി പല അന്തർദേശീയ പഠനങ്ങളും മുന്നറിയിപ്പ് നൽകുന്നുണ്ട്. റെയിൽ വ്യോമ ഗതാഗതം പുനരാരംഭിക്കുന്നതും രോഗവ്യാപനം ദ്രുതഗതിയിലാക്കും. ആ നിലയ്ക്ക് ചെറിയ തോതിലുള്ള നിയന്ത്രണങ്ങൾ എങ്കിലും തുടർന്നു കൊണ്ട് പോകുന്നത് നന്നായിരിക്കും. ചെറിയ ഒരു ഇടവേള നൽകിയ ശേഷം നിയന്ത്രണങ്ങൾ ഇന്നത്തെ രീതിയിൽ പുനരാരംഭിക്കുന്നതും പരിഗണിക്കാവുന്നതാണ്.

മേൽ വിവരിച്ച വിഷയങ്ങൾ അടിയന്തരമായി പരിഗണിച്ച് കോവിഡ് 19 എന്ന മഹാമാരിയെ ഒറ്റക്കെട്ടായി നേരിട്ട് തോല്പ്പിക്കുവാനുള്ള സാഹചര്യം സംജാതമാക്കണമെന്ന് അപേക്ഷിക്കുന്നു. ഒപ്പം, ഈ പ്രതിസന്ധി ഘട്ടത്തിൽ ശാസ്ത്രീയമായ എല്ലാ പ്രതിരോധ പ്രവർത്തനങ്ങൾക്കും സന്നദ്ധരായി ഡോക്ടർമാർ സദാ പ്രവർത്തനസജ്ജരാണ് എന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഡോ. ജോസഫ് ചാക്കോ
സംസ്ഥാന പ്രസിഡന്റ്

KERALA GOVT. MEDICAL OFFICERS' ASSOCIATION
Reg. No: 63/1966
TRIVANDRUM-695 035

ഡോ ജി എസ് വിജയകൃഷ്ണൻ
ജനറൽ സെക്രട്ടറി

പകർപ്പ്: 1. ബഹു. ആരോഗ്യ കുടുംബക്ഷേമ മന്ത്രി

2. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.

3. ആരോഗ്യവകുപ്പ് ഡയറക്ടർ